(ബി) സർക്കാർ തലത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ, മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി പ്രവർത്തിക്കുന്നത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരവും റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളവുമാണ്. വർഷങ്ങളായി തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പ്രതിവർഷം 4000 സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്. എന്നാൽ 2013-ൽ പ്രവർത്തനം ആരംഭിച്ച എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിന്റെ ക്രമീകരണം (Standardization), തസ്തിക വിന്യാസം (Staff allotment) എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് ടി ലബോറട്ടറിയിലും പ്രതിവർഷം 4000 മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയും.

(സി&ഡി) ജനൗഷധി പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിന് നടപടിയെടുത്തിരുന്നു. ഇപ്രകാരം വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണമേന്മ ഉറപ്പാക്കാൻ അതാത് ആശുപത്രികളിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായാണ് തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ ലബോറട്ടികൾ സജ്ജീകരിച്ചത്. അതാത് മെഡിക്കൽ കോളേജുകളിൽ വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളുടെ ഗുണമേന്മ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുക എന്ന പരിമിതമായ ലക്ഷ്യം മാത്രമാണ് ഈ ലാബുകളിലുള്ളത്. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം സർക്കാർ അനലിസ്റ്റിന് മാത്രമേ മരുന്ന പരിശോധന സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരമുള്ളൂ.

മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി

142 (831) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിലെ മുതുവല്ലൂരിൽ പുതിയ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2015-16 സാമ്പത്തിക വർഷത്തിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്ന കാര്യം പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly